## റിപ്പോർട്ട് പരിഗണന

ശ്രീ. എ. പ്രദീപ്കുമാർ: സർ, പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.(.....ബഹളം.....)

ശ്രീ. കെ. ദാസൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു. (.....ബഹളം.....)

മി. സ്പീക്കർ: റിപ്പോർട്ട് പരിഗണനയ്ക്കെടുക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ്, അങ്ങേയ്ക്ക് പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ടിന് ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, പ്രിവിലേജ്സ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ടിന് താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. (.....ബഹളം.....)

1. റിപ്പോർട്ടിലെ ഖണ്ഡിക മൂന്നിൽ അവസാനത്തെ രണ്ട് വാക്യങ്ങൾ താഴെപ്പറയുന്ന പ്രകാരം മാറ്റുക.

“ പരാതി വിഷയം സംബന്ധിച്ച ക്രിമിനൽ കേസ് കോടതിയുടെ പരിഗണനയിലാണെന്നതിനാൽ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതില്ലെന്ന് സമിതി തീരുമാനിച്ചു .”

2. “ സമിതിയുടെ നിഗമനം ” താഴെപ്പറയും പ്രകാരം മാറ്റുക.

“ ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.-യുടെ നിയമസഭാംഗത്വം റദ്ദാക്കണമെന്ന പരാതിക്കാരന്റെ ആവശ്യം സമിതിക്ക് പരിഗണനയ്ക്കെടുക്കാൻ കഴിയുന്ന വിഷയമല്ലാത്തതിനാലും അദ്ദേഹത്തിനെതിരെയുള്ള ക്രിമിനൽ കേസ് കോടതിയുടെ പരിഗണനയിലായതിനാലും പരാതിയിൽ തുടർനടപടി സ്വീകരിക്കേണ്ടതില്ലെന്ന് സമിതി തീരുമാനിക്കുന്നു.”

ശ്രീ. എ. പ്രദീപ് കുമാർ: സർ, പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. (.....ബഹളം.....)

ശ്രീ. കെ. ദാസൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു. (.....ബഹളം.....)

<u>മി. സ്പീക്കർ</u>: പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു. (.....ബഹളം.....)